(സി) IRDA-യുടെ അംഗീകാരമുള്ള നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകിക്കൊണ്ട് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെയും ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

62 (1826) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എപ്പോൾ മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുമുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്.

## സാമൂഹ്യക്ഷേമ പെൻഷൻ

63 (1827) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ പെൻഷനുകളിൽ വരുത്തിയ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക പ്രതിമാസം 600 രൂപയിൽനിന്നും 2016 ജൂൺ മാസം മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമനിധി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങി വന്നിരുന്നവർക്ക് ക്ഷേമനിധി പെൻഷൻ ഉയർന്ന നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ, പെൻഷൻ തുക ഉയർത്തുന്നതിന് മുമ്പുള്ള തുകയായ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. തനത് ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് ക്ഷേമനിധി പെൻഷനോടൊപ്പം ഉയർന്ന നിരക്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതാണ്.

**ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസ്.**

64 (1828) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസിന്റെ ഭാഗമായി രൂപംകൊടുത്ത കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ വന്നിട്ടുള്ള പിശകുകൾ കാരണം ട്രഷറിയിൽ ഇടപാടുള്ള പെൻഷൻകാർക്കും ചെലാൻ ഇടപാടുകൾക്കായി എത്തുന്ന പൊതുജനത്തിനും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ഐ.സി തലത്തിൽ പരിശോധിച്ച് ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.എഫ്.എം.എസ്.-ന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ പിശകുകൾ കാരണം പെൻഷൻകാർക്കും മറ്റ് ഇടപാടുകാർക്കും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ പിശകുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ഉചിതമായ പരിഹാര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണ്.

**ചെലവഴിക്കാത്ത തുക**

65 (1829) ശ്രീ. കെ. കുഞ്ഞിരാമൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുകകൾ എത്രയാണ്; ഹെഡ് തിരിച്ച് വിവരങ്ങൾ നൽകുമോ; ഇതേ സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റായി അഡീഷണൽ ഓതറൈസേഷൻ വഴി തുക ലഭ്യമാക്കുകയും ചെലവഴിക്കാതെ തിരികെ അടച്ചതുമായ തുകകളുടെയും മറ്റും വിവരങ്ങൾ (എല്ലാ വകുപ്പുകളുടെയും) നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly